(സി) ഈ റോഡുകൾക്കായി പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ഡി) ഈ പണികളെല്ലാം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൈക്കോട്-കഴക്കൂട്ടം റോഡ് (13 കി. മീ.) അപ്ഗ്രഡേഷൻ വിഭാഗത്തിൽ.

(ബി) നിലവിലുള്ള റോഡ് 10 മീ. മുതൽ 12 മീ. വരെ വീതിയിൽ പുതുക്കിപ്പണിയുന്നതോടൊപ്പം രണ്ടുവശത്തും ഓടകൾ, നടപ്പാത, സ്ട്രീറ്റ് ലൈറ്റിംഗ്, പാലങ്ങളുടേയും കലുങ്കുകളുടേയും പുനർനിർമ്മാണം, ജംഗ്ഷൻ വികസനം മുതലായവ ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

(സി) 22 കോടി രൂപ.

(ഡി) 2005 ഡിസംബറിന് മുമ്പ് പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡിന്റെ ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ

46 [598] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03, 2003-04 വർഷങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും ഇതിന്റെ ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) 2004-05-ൽ നബാർഡിന്റെ സഹായത്തോടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിലെ കാർത്തികപുരം പാലത്തിന്റെയും ഇരിട്ടി-ഉളിക്കൽ-മാട്ടറ അപ്പർ ബാലാജി റോഡിന്റെയും പ്രവൃത്തികൾ നബാർഡ് സഹായത്തോടെ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-03 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പാലങ്ങൾ—44 എണ്ണം—77.56 കോടി രൂപ.
റോഡുകൾ—38 എണ്ണം—77.13 കോടി രൂപ.

2003-04-ലേക്കുള്ള പണികളുടെ പ്രൊപ്പോസൽസ് ധനസഹായം കിട്ടുന്നതിനായി സമർപ്പിച്ചുവരികയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-05-ൽ നബാർഡിന്റെ ധനസഹായത്തോടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ നിശ്ചയിച്ചിട്ടില്ല.

(സി) സ്വീകരിക്കും.

ചേലക്കര മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പണികൾ

47 [599] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പണികൾ ഏതെല്ലാമാണ്;

(ബി) ഓരോന്നിനും ചെലവാക്കിയ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ ഈ വർഷം തയ്യാറാക്കിയ പട്ടികയിൽ ഈ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളും പാലങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പട്ടികയിൽപ്പെട്ട പണികളുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ നബാർഡ് ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് പണികളൊന്നും നടത്തിയിട്ടില്ല.

(സി) നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ ഈ വർഷം തയ്യാറാക്കിയ പട്ടികയിൽ ചേലക്കര മണ്ഡലത്തിലെ മുല്ലൂർക്കര-വരവൂർ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കുഴൽമന്ദം മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ഉള്ള പദ്ധതികൾ

48 [600] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

(ബി) ഏതെല്ലാം പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനത്തിനാണ് ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭിക്കാനുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly